# അവിശുദ്ധകൂട്ടുകെട്ട്

**ഇന്ത്യയിലെ തീർത്ഥാടന വിനോദസഞ്ചാരകേന്ദ്രങ്ങളിൽ**
**ആൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കൽ**
**ആന്ധ്രപ്രദേശ്, കേരളം, ഒറീസ**

Equations

ecpat

## ഇന്ത്യയിലെ തീർത്ഥാടന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആൺകുട്ടികളെ ലൈംഗികമായി പീഢിപ്പിക്കുന്നത് വർദ്ധിച്ചു വരുന്ന ഒരു പ്രശ്നമായി ഗവേഷണ പഠനങ്ങൾ വെളിവാക്കുന്നു.

## ബാലലൈംഗിക ചൂഷണം ഇന്ത്യയിലെ വിനോദസഞ്ചാരത്തിൽ

ലോകത്തിൽ ഏറ്റവും ധൃതഗതിയിൽ വളർച്ച പ്രാപിക്കുന്ന വ്യവസായമാണ് വിനോദസഞ്ചാരം. വികസ്വര രാഷ്ട്രങ്ങളുടെ സമ്പദ് ഘടനയിൽ വിനോദസഞ്ചാരത്തിന് ഇന്ന് വർദ്ധിച്ചു വരുന്ന ഒരു പ്രാമുഖ്യമുണ്ട്. വികസ്വര ലോകത്തിന്റെ മറ്റു ചിലയിടങ്ങളിലെന്ന പോലെ ഇന്ത്യയിലും തദ്ദേശീയ സമ്പദ്ഘടനയുടെ വളർച്ചയെ ഉത്തേജിപ്പിക്കുന്ന ഒരു വികസനോപകരണമായാണ് വിനോദസഞ്ചാരത്തെ കാണുന്നതും പ്രോത്സാഹിപ്പിക്കുന്നതും. ഇന്ത്യയിലെ തീർത്ഥാടന കേന്ദ്രങ്ങൾ രാജ്യത്തിനുള്ളിൽ നിന്നു മാത്രമല്ല, ഇന്ത്യയിൽ സ്ഥിരതാമസമില്ലാത്ത ഭാരത പൗരന്മാരിൽ നിന്നും, വിദേശികൾക്കിടയിൽ നിന്നുമൊക്കെ വിരുന്നുകാരെ ആകർഷിക്കുന്നു.

വിനോദസഞ്ചാരികൾ കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിനെപ്പറ്റി ഇന്ത്യയിൽ പൊതുവേയുള്ള ബോധം കൂടിവരുന്നുണ്ട്. ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ മിക്കവയിലും ലൈംഗിക ചൂഷണത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തി പുരുഷനാണ്. അതുകൊണ്ടു തന്നെ ചൂഷണത്തിന് ഇരയാവുന്നത് സ്ത്രീയോ പെൺകുട്ടിയോ ആണെന്നാണ് ഊഹിക്കപ്പെടുന്നത്. എന്നാൽ പലപ്പോഴും ഇതിനിരയാവുന്നത് ആൺകുട്ടികളാണ്. സ്വവർഗ്ഗരതിയെപ്പറ്റി സമൂഹത്തിന്റെ ഇരട്ടത്താപ്പുനയം മൂലവും, ഇന്ത്യയിൽ അതിപ്പോഴും കുറ്റകൃത്യമാണെന്നതുമൂലവും, ഈ പ്രശ്നത്തിന് സ്പഷ്ടത തീരെയില്ലാതാകുന്നു.

2008 ൽ, തദ്ദേശീയ സ്ഥാപനശൃംഘലകളോടൊപ്പം ഇക്വേഷൻസ് ഒരു ഗവേഷണ പഠനം നടത്തി. തീർത്ഥാടന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടക്കുന്ന ബാലലൈംഗിക ചൂഷണത്തിന്റെ അളവും പ്രകൃതവും അന്വേഷിച്ചറിയുകയായിരുന്നു ഉദ്ദേശ്യം. ഇന്ത്യയിലെ മൂന്നു തീർത്ഥാടന കേന്ദ്രങ്ങളിൽ - ആന്ധ്രയിലെ തിരുപ്പതി, ഒറീസ്സയിലെ പുരി, കേരളത്തിലെ ഗുരുവായൂർ എന്നിവിടങ്ങളിൽ - കേസ് സ്റ്റഡി നടത്തിയാണ് ഈ പഠനം നടത്തിയത്. ആൺകുട്ടികളുടെ വേശ്യാവൃത്തി നടത്തുന്നവരോ നടത്തിക്കുന്നവരോ ആയവരിലെ പ്രധാനികളെയും ഈ പഠനം തിരിച്ചറിഞ്ഞു. അഭിമുഖങ്ങൾ, കുട്ടികൾക്കിടയിലും, സർക്കാരുദ്യോഗസ്ഥർ, സമൂഹാംഗങ്ങൾ, അദ്ധ്യാപകർ, സർക്കാരേതര സംഘടനകൾ എന്നിവർക്കിടയിൽ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ഇതൊക്കെയായിരുന്നു പഠനരീതികൾ.

ഇത്തരം കുട്ടികളുടെ രേഖാചിത്രങ്ങൾ - അവരുടെ സ്ഥലം, സാഹചര്യം, ലൈംഗിക ചൂഷണം ഉണ്ടാകാനുള്ള കാരണം, എന്തുകൊണ്ട് അതിപ്പോഴും നിർത്താതെ തുടരുന്നു എന്നീ കാര്യങ്ങൾ ഈ പഠനത്തിലൂടെ രേഖപ്പെടുത്തുന്നു. കുട്ടികളിൽ ഇതുണ്ടാക്കുന്ന ശാരീരികവും, മാനസികവും, വൈകാരികവും, സാമ്പത്തികവുമായ ആഘാതങ്ങളും ഈ പഠനം രേഖപ്പെടുത്തുന്നു.

## കേസ് തിരുപ്പതി (ആന്ധ്രപ്രദേശ്)

തിരുമലയിലെ ശ്രീ വെങ്കടേശ്വര ക്ഷേത്രത്തിന് പ്രസിദ്ധമാണ് തിരുപ്പതി. ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ തീർത്ഥാടകരെത്തുന്നയിടം. 2007 -ൽ മാത്രം ദേശവാസികളും, വിദേശവാസികളുമായ ഇരുപതു ദശലക്ഷം സന്ദർശകർ ഇവിടെയെത്തിയിരുന്നു. തിരുപ്പതിയിൽ വിദേശസന്ദർശകർ വളരെ കുറവാണ്. ഈ കേസ് സ്റ്റഡിക്കായി ഞങ്ങൾ എട്ടുമുതൽ പതിനെട്ടുവരെ പ്രായമുള്ള ഒമ്പതു കുട്ടികളുമായി അഭിമുഖം നടത്തി.

ലൈംഗികാവശ്യങ്ങൾക്കായി തങ്ങളെ സ്ഥിരമായി സന്ദർശിക്കുന്ന പ്രാദേശിക വിനോദസഞ്ചാരികളെപ്പറ്റി കുട്ടികൾ സംസാരിച്ചു. തിരുപ്പതിയിൽ പിന്നെയും വരുമ്പോൾ അതേകുട്ടിയെത്തന്നെ സമീപിക്കാൻ ഇവരിൽ ചിലർ താൽപര്യം കാണിക്കുന്നു. ഫോണിലൂടെയോ, ഇ-മെയിലിലൂടെയോ ഇവർ കുട്ടിയുമായി ബന്ധപ്പെട്ടാണ് ഇതു സാധിക്കുന്നത്. കുട്ടികൾ ഇതിനായി സൈബർ കഫേകൾ ഉപയോഗിക്കുന്നുണ്ട്. തമ്മിൽ കാണാൻ സ്ഥലവും തീയതിയും ഇങ്ങനെയാണ് നിശ്ചയിക്കുന്നത്. ഇവിടെ ഇടനിലക്കാരില്ല. ഈ കുട്ടികളിൽ ചിലർ ആറുമുതൽ പത്തുവയസ്സു വരെ പ്രായത്തിൽ പീഡനത്തിനിരയായവരാണ്. പതിനഞ്ചു വയസ്സായപ്പോഴേയ്ക്കും, ഇവർ പ്രാദേശികവാസികൾക്കും വിനോദസഞ്ചാരികൾക്കുമിടയിൽ വേശ്യാവൃത്തിയിൽ ഏർപ്പെട്ടു കഴിഞ്ഞു. ലൈംഗിക പീഡനം നടക്കുന്നത് ഹോട്ടലുകൾ, ലോഡ്ജുകൾ, ആളൊഴിഞ്ഞ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ, സിനിമാ തീയേറ്റർ, റെയിൽവേ സ്റ്റേഷൻ, സ്റ്റേഡിയങ്ങൾ, ശ്മശാനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലാണ്. പ്രാദേശിക വിനോദസഞ്ചാരികൾ പലപ്പോഴും ഹോട്ടൽ മുറികൾ, ബാറുകളിലെ മുറികൾ തുടങ്ങിയ സ്ഥലങ്ങൾ ഇക്കാര്യത്തിന് ഉപയോഗിക്കുന്നു. ദിവസവും 500 മുതൽ 2000 രൂപവരെ ഈ കുട്ടികൾ ഇങ്ങനെ സമ്പാദിക്കുന്നുണ്ട്. ചില കുട്ടികൾ ചെറിയ ഹോട്ടലുകലിൽ പാർട്ട് ടൈം ജോലി ചെയ്യുന്നു. ഇവരെ കൂടെ ജോലിചെയ്യുന്ന മുതിർന്നവർ ലൈംഗികമായി ചൂഷണം ചെയ്യുകയും; തുച്ഛമായ ശമ്പളം മാത്രം ലഭിക്കുകയും ചെയ്യുന്നു. എങ്കിലും തുടർന്നും ഉപഭോക്താക്കളെ ലഭിക്കാനുള്ള സൗകര്യം മൂലം അവർ ഇവിടെ ജോലി തുടരുന്നു. ഇത്തരം ഉപഭോക്താക്കളാകട്ടെ ഭക്ഷണം കഴിക്കാനും ലൈംഗികാവശ്യങ്ങൾക്കുമായി ഈ ഹോട്ടലുകലിൽ പോകുന്നു. വീട്ടിലെ ആൺകുട്ടി എന്ന നിലയിൽ കുടുംബത്തിനു വേണ്ടി വരുമാനമുണ്ടാക്കാനുള്ള നിർബന്ധിതമായ പ്രേരണയാണ് അവരെ വേശ്യാവൃത്തിയിലേക്ക് കൊണ്ടെത്തിക്കുന്നത് എന്നു കുട്ടികൾ പറയുന്നു. ഇത് ആത്മാഭിമാനം കെടുത്തുന്ന പണിയാണെങ്കിലും ലൈംഗിക കച്ചവടത്തിന്റെ ലോകത്തു നിന്നും അകന്നു പോകാൻ ഇനി അവർക്ക് മാർഗ്ഗമില്ല എന്ന് അവർ പറയുന്നു. കുടുംബാംഗങ്ങളാകട്ടെ, പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികൾ ലൈംഗിക തൊഴിലാളികൾ ആകുന്നതിൽ വിരോധം കുറവാണ്. കാരണം സാമൂഹ്യമായ ഒറ്റപ്പെടുത്തൽ ഇവിടെ കുറവാണ് എന്നു മാത്രമല്ല ഗർഭധാരണത്തിന്റെ ഭയം ഇല്ലതാനും.

## കേസ് പുരി (ഒറീസ)

പന്ത്രണ്ടാം നൂറ്റാണ്ടിലെ ജഗന്നാഥസ്വാമിക്ഷേത്രം സ്ഥിതി ചെയ്യുന്നയിടമാണ് ഒറീസയിലെ പുരി. 2007 -ൽ പുരിയിൽ ആറുദശലക്ഷം പ്രാദേശിക വിനോദസഞ്ചാരികളും, ഏതാണ്ട് 42000

വിദേശ വിനോദസഞ്ചാരികളും എത്തിയിരുന്നു. ആന്ധ്രപ്രദേശിൽ നിന്നും കുടിയേറിയ മത്സ്യ ബന്ധനം തൊഴിലാക്കിയ കുടുംബങ്ങൾ താമസമാക്കിയ പെന്റക്കോട്ട എന്ന പുരിക്കു സമീപ മുള്ള മത്സ്യബന്ധനഗ്രാമവും ഞങ്ങൾ അന്വേഷണത്തിനു വിധേയമാക്കി. അവരുടെ ഉപജീവനം മത്സ്യബന്ധനമാണ്. ഞങ്ങൾ പതിമൂന്ന് ആൺകുട്ടികളുമായി അഭിമുഖസംഭാഷണം നടത്തി. ഇതിൽ എട്ടുപേർ പെന്റക്കോട്ടയിൽ നിന്നും, അഞ്ചുപേർ പുരി കടൽത്തീരപ്രദേശത്തു നിന്നും ഉള്ളവരാണ്. ആറിനും പതിനെട്ടിനും ഇടയ്ക്ക് പ്രായമുള്ള ഇവർ എല്ലാവരും തന്നെ ലൈംഗിക ചൂഷണത്തിന് ഇടയായവരാണ്.

കുട്ടികൾ പറഞ്ഞത് വിദേശീയരായ വിനോദസഞ്ചാരികളുമായി ബന്ധം കെട്ടിപ്പടുക്കുന്ന താണ് തദ്ദേശീയരായവരെ അപേക്ഷിച്ച് മെച്ചമെന്നാണ്. വിദേശികൾ അവർക്ക് കളിപ്പാട്ടങ്ങൾ, മിഠായികൾ, സൈക്കിൾ, പുത്തനുടുപ്പ്, ചിലപ്പോൾ വീട് പുതുക്കാനുള്ള തുക തുടങ്ങിയവയൊക്കെ നൽകാറുണ്ട്. ലൈംഗികചൂഷണം നടക്കുന്നത് റയിൽവേ സ്റ്റേഷനുകൾ, ഹോട്ടലുകൾ, ചെറിയ ഭക്ഷണശാലകൾ (ഡാബകൾ), ലോഡ്ജുകൾ, ബീച്ച്, മസാജ് പാർലർ, പ്രാദേശിക വേശ്യാഗൃഹ ങ്ങൾ എന്നിവിടങ്ങളിലാണ് വിദേശികളിൽ ഹോട്ടലുകളിൽ മുറിയെടുക്കുമ്പോൾ തദ്ദേശീയരാ കട്ടെ ചെറിയ ലോഡ്ജുകൾ, ബാറിലെ മുറികൾ തുടങ്ങിയവ ഇക്കാര്യത്തിന് ഉപയോഗിക്കുന്നു. പുരിയിൽ അനേകം മസാജ് പാർലറുകളും ഹെൽത്ത് ക്ലബ്ബുകളും കൂണുപോലെ മുളച്ചുപൊന്തി യിട്ടുണ്ട്. ഇത് പ്രാഥമികമായും വിദേശ, പ്രാദേശിക വിനോദ സഞ്ചാരികളെ ഉദ്ദേശിച്ചാണ്. ഇവിടെ മുതിർന്നവരും കുട്ടികളും (ആണും പെണ്ണും) വേശ്യാവൃത്തിയിൽ ഏർപ്പെടുന്നുണ്ട്. ചില വിദേ ശികൾ ചേരി പ്രദേശത്തിനും ദരിദ്രപ്രദേശങ്ങൾക്കും അടുത്തുള്ള ഹോട്ടലുകളിൽ താമസിക്കു ന്നു. അവർ ചേരികളിൽ നടക്കുകയും തങ്ങളുടെ വീടുകൾ സന്ദർശിക്കുയും ചെയ്യുമ്പോൾ ദരിദ്ര കുടുംബങ്ങൾ അതിൽ അഭിമാനം കൊള്ളുന്നു. അവർ എന്നിട്ട് അവിടെയുള്ള കുട്ടികളെ പുറ ത്തുകൊണ്ടുപോയി ചൂഷണം ചെയ്യുന്നു. ചിലപ്പോൾ ബലം പ്രയോഗിച്ചു തന്നെ. കുട്ടികൾ പല പ്പോഴും ഭയന്ന് ഇതൊന്നും പുറത്തു പറയാറില്ല. എതിർത്താൽ ജീവിതം ആസ്വദിക്കാനുള്ള അവസരം നഷ്ടപ്പെട്ടുപോകുമെന്ന് അവർ വിശ്വസിക്കുന്നു. സെക്സിനു പകരമായി നല്ല വസ്ത്ര ങ്ങൾ, ആഹാരം, പുതിയ സ്ഥലങ്ങൾ സന്ദർശിക്കൽ, സിനിമ, പണം, ചിലപ്പോൾ കുടുംബാവശ്യ ങ്ങൾ സാധിക്കുക എന്നിവയ്ക്കൊക്കെ പ്രതിഫലം കിട്ടുന്നു. മിക്ക കുട്ടികളും അനേകം വിനോ ദസഞ്ചാരികളുമായി ലൈംഗിക ബന്ധം പുലർത്തുകയും, ചിലർ അമ്പതു രൂപയും മറ്റു ചിലർ ഇരുനൂറു രൂപയും ദിവസം വേതനമായി നൽകുകയും ചെയ്യുന്നു. പക്ഷേ വേതനം എല്ലാദിവ സവും ഒന്നുപോലെയല്ല.

## കേസ് ഗുരുവായൂർ (കേരളം)

പ്രസിദ്ധമായ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്ന ഗുരുവായൂർ ജനപ്രിയ തദ്ദേ ശവിനോദസഞ്ചാര കേന്ദ്രമാണ്. 2006 ൽ ഒരു ദശലക്ഷത്തിലധികം തദ്ദേശവാസികളും, 1500 ഓളം വിദേശസഞ്ചാരികളും ഗുരുവായൂർ സന്ദർശിച്ചു.

ഗുരുവായൂരിൽ ബാലലൈംഗിക ചൂഷണം അത്ര ദൃശ്യമല്ല. തിരുപ്പതിയിലേയും, പുരിയി ലേയും പോലെ കുട്ടികൾ തെരുവുകളിൽ താമസിക്കുന്നില്ല. ബാലവേല നിരോധനം കേരള

ത്തിൽ നിർബന്ധമായി പാലിച്ചു പോരുന്നതുകൊണ്ട്, ഉദ്യോഗസ്ഥരുടെ ജീപ്പ് ജില്ലയിൽ എപ്പോഴും സഞ്ചരിച്ച്, തെരുവിൽ കാണപ്പെടുന്ന വീടില്ലാത്ത കുട്ടികളെ അവിടെ നിന്നും കൊണ്ടുപോകുന്നു. അതുകൊണ്ട് ബാലലൈംഗിക ചൂഷണ കേസുകൾ പരോക്ഷവും ഒളിഞ്ഞതുമായി തീരുന്നു.

എങ്കിലും ചുറ്റുമുള്ള ഗ്രാമങ്ങളിലെ ആളുകളോടും അംഗൻവാടി അദ്ധ്യാപികമാരോടും പ്രവർത്തകരോടും സംസാരിച്ചതിൽ നിന്നും, ആൺകുട്ടികൾ ചൂഷണം ചെയ്യപ്പെടുന്നതും വേശ്യാവൃത്തി ചെയ്യുന്നതും എല്ലാവരും അറിയുന്ന വസ്തുതയാണ്. സ്വവർഗ്ഗരതിയുടെയും ദ്വിലൈംഗികതയുടേയും കഥകൾ അനവധിയാണ്. ഇതിന് സാംസ്കാരികമായ ഒരു സ്വീകാര്യതയും ഉള്ളതുപോലെ തോന്നുന്നു. ചാവക്കാട്, പൊന്നാനി പ്രദേശങ്ങളിൽ പണ്ട് കടൽ വഴിയുള്ള കച്ചവടം സാധാരണമായിരുന്നു. പുരുഷന്മാർ അനേകം ദിവസം കടലിൽ പോകുന്നതിനാൽ അവരുടെ ലൈംഗിക ആവശ്യങ്ങൾക്കായി ചെറിയ ആൺകുട്ടികളെ കൂടെകൂട്ടുമായിരുന്നു. ഇന്ന് ഈ പ്രദേശത്തെ പല പുരുഷന്മാരും ഗൾഫ് രാജ്യങ്ങളിലാണ്. അവർ വീട്ടിലേക്കയക്കുന്ന പണമാണ് സമ്പദ്ഘടനയുടെ നെടുംതൂണുകളായി ഭവിക്കുന്നത്. ഇവർ തിരിച്ചെത്തുമ്പോൾ ആൺകുട്ടികളുടെ പീഢനത്തിൽ ഏർപ്പെടുന്നു. സ്ത്രീകളുമായി ചർച്ച ചെയ്യുമ്പോൾ മനസ്സിലാകുന്നത് തങ്ങളുടെ വീട്ടുകാരൻ പരസ്ത്രീബന്ധത്തിലോ സ്ത്രീ വേശ്യകളുമായുള്ള സംസർഗ്ഗത്തിലോ ഏർപ്പെടുന്നില്ല എന്നത് അവർ ആശ്വാസമായിക്കാണുന്നു എന്നാണ്. ഗുരുവായൂരിലെ നിയമപാലകർ ആൺകുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിനെപ്പറ്റി ബോധവാന്മാരാണെങ്കിലും ആ പ്രദേശത്തെ ആരിൽ നിന്നും ഒരു പരാതിയോ, ഒരു രജിസ്റ്റർ ചെയ്ത കേസ്സോ കേട്ടിട്ടില്ല. ഗുരുവായൂരിൽ വിദേശികൾ ബാലലൈംഗിക ചൂഷണത്തിലേർപ്പെടുന്നതായി ഞങ്ങൾക്ക് തെളിവ് കണ്ടെത്താനും കഴിഞ്ഞില്ല. സമൂഹത്തിലെ അംഗങ്ങളുടെ അഭിപ്രായപ്രകാരവും, അവരുമായുള്ള ചർച്ചകളിൽ നിന്നറിയാൻ കഴിഞ്ഞ പ്രകാരവും, ഇത്തരം ചൂഷണത്തിൽ പങ്കാളികളാകുന്ന വിനോദസഞ്ചാരികൾ പ്രാഥമികമായും കേരളത്തിൽ നിന്നത്രേ.

## ഇതെങ്ങിനെ നേരിടാം

വിനോദസഞ്ചാരമേഖലയിലെ ബാലലൈംഗികചൂഷണം വാസ്തവവും ഗൗരവതരവുമാണെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചേ തീരൂ.

നിയമമേഖലയിൽ വേണ്ടുന്ന നിയമങ്ങളുടെ അഭാവവും, ബോധവൽക്കരണരീതികളുടെ അഭാവവും, വിവരങ്ങളുടെ അപഗ്രഥനത്തിന്റെ ന്യൂനതയും മൂലം നിയമവശത്തു നിന്നും പ്രതികരണം തുലോം നിസ്സാരമാണ്. Extradition നിയമങ്ങൾ ഉറപ്പു വരുത്തേണ്ടുന്നത് ഇതൊക്കെ - വിദേശീയരായ കുറ്റവാളികളെ നിയമത്തിനു മുന്നിലെത്തിക്കുക, രാജ്യത്തു നിന്നും പുറത്തേക്കു കടക്കുക വഴി ഒരു വിദേശിയും ശിക്ഷയിൽ നിന്നും രക്ഷപ്പെടാൻ അനുവദിക്കാതിരിക്കുക.

കേന്ദ്ര സംസ്ഥാന വിനോദസഞ്ചാര നയങ്ങൾ ബാലചൂഷണത്തിൽ വിനോദസഞ്ചാരത്തിനുള്ള പങ്ക് വ്യക്തമായി അംഗീകരിക്കണം. ഈ നയം, കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതു അസന്നിഗ്ദ്ധമായി തള്ളിപ്പറയുകയും, വിനോദസഞ്ചാര മേഖലകൾ ബാലചൂഷണത്തിൽ നിന്നും മുക്തപ്രദേശങ്ങളാക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും വേണം.

വിനോസഞ്ചാരമന്ത്രാലയം (MoT) 'വിനോദസഞ്ചാര മേഖലയിൽ ബാലചൂഷണത്തെ ചെറുക്കാൻ ഒരു ദേശീയ കർമ്മ പദ്ധതി' ആവിഷ്ക്കരിക്കണം. ഇതിൽ, വ്യവസായം - ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജന്റുമാർ, ഹോട്ടലുകൾ, തദ്ദേശ അധികാരികൾ, ജുഡീഷ്യറി, പോലീസ് ബാലവകാശ സംഘടനകൾ, മറ്റു സാമൂഹ്യാവകാശ സംഘടനകൾ, ബാലചൂഷണത്തെ തടയുകയും ചെറുക്കുകയും ചെയ്യുന്ന സംഘങ്ങൾ തുടങ്ങി ഈ മേഖലയിൽ ഭാഗഭാക്കായ എല്ലാവരും ഈ കർമ്മ പദ്ധതിയിൽ ഒത്തുചേരണം. കേന്ദ്രസംസ്ഥാന വിനോദസഞ്ചാര വകുപ്പുകൾ അവരുടെ വാർഷിക റിപ്പോർട്ടുകളിൽ, ബാലലൈംഗിക വിനോദസഞ്ചാരത്തിൽ കണ്ടുപിടിക്കപ്പെട്ട കേസുകൾ വെളിവാക്കുകയും അവർ അത് ചെറുക്കാൻ എന്തു നടപടിയെടുത്തു, ഇന്ത്യയെ ബാലലൈംഗിക വിനോദസഞ്ചാരത്തിൽ നിന്നും മുക്തയാക്കാൻ അവരുടെ സന്നദ്ധത എന്ത് തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തുകയും വേണം.

സ്ത്രീകളുടെയും കുട്ടികളുടെയും മന്ത്രാലയം (MWCD) ഒരു സമഗ്രമായ നിയമനടപടി ഉണ്ടാക്കണം. ഇതിൽ കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നത് ഒരു ഗൗരവതരമായ കുറ്റമാക്കുകയും, ഇതിന് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും വേണം. നയങ്ങളിൽ 'കുട്ടി' എന്നത് പെൺകുട്ടി മാത്രമല്ല എന്ന് വ്യക്തമായി അംഗീകരിക്കണം. ആൺകുട്ടികളും ഇത്തരം ലൈഗിക ചൂഷണങ്ങൾക്ക് വിധേയരാകാറുണ്ട്. അതിന് സാദ്ധ്യതയും വളരെയാണ്.

വിനോദസഞ്ചാരത്തിന്റെ കൊടിക്കീഴിൽ ഇത്തരം നാണംകെട്ട പ്രവൃത്തികൾ തുടരുന്നതിൽ വിനോദസഞ്ചാര വ്യവസായം അവരുടെ കൂട്ടുത്തരാവാദിത്തം സമ്മതിക്കണം. വിനോദസഞ്ചാര മേഖലയിലെ ഭാഗഭാക്കായ വ്യക്തികളും സംഘടനകളുമായി വ്യവസായ സംഘടനകൾ യോജിച്ചു പ്രവർത്തിക്കണം. ഇതിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കുകയും, ഈ പ്രവൃത്തി ഇല്ലാതാക്കാൻ കടുത്ത നടപടികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

**ഇത് ഒത്തൊരുമിച്ച ദൃഢമായ കർമ്മത്തിന്റെ സമയമാണ്. നമ്മുടെ എത്ര കുഞ്ഞുങ്ങളെയാണ് നാം ഇനിയും നശിപ്പിക്കുക?**

EQUATIONS അല്ലെങ്കിൽ ECPAT International നെ സമ്പൂർണ്ണ റിപ്പോർട്ടിനായി സമീപിക്കുക (2008 84 പേജ്)

✉ കുട്ടികളെ വിനോദസഞ്ചാരം എങ്ങനെ ബാധിക്കുന്നു എന്നതിനെപ്പറ്റി കൂടുതലറിയാൻ നിങ്ങൾക്കു താൽപര്യമുണ്ടോ?

info@equitabletourism.org അല്ലെങ്കിൽ info@ecpat.net എന്ന വിലാസത്തിൽ ഞങ്ങൾക്കെഴുതുക.

## ഇക്വേഷൻസ് EQUATIONS

ഇന്ത്യയിലെ വിനോദസഞ്ചാരത്തെ ജനകീയവൽക്കരിക്കുക എന്ന ദർശനം ഉൾക്കൊള്ളുന്ന ഗവേഷണ, ന്യായവാദ പ്രചാരണ സംഘടനയാണ് ഇക്വേഷൻസ്. തദ്ദേശസമൂഹങ്ങളിൽ വിനോദസഞ്ചാരത്തിന്റെ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, പാരിസ്ഥിതിക, സ്വാധീനശക്തി പഠിക്കുന്നവരാണ് ഞങ്ങൾ. കുട്ടികളിൽ വിനോദസഞ്ചാരമുണ്ടാക്കുന്ന സമ്മർദ്ദങ്ങൾ ഞങ്ങളുടെ പഠനമേഖലയുടെ പ്രധാനഭാഗമാണ്. വിനോദസഞ്ചാരവും ബാലപീഡനവും തമ്മിൽ വർദ്ധിച്ചു വരുന്ന ബന്ധങ്ങളെപ്പറ്റി ഞങ്ങൾ ആകുലരാണ്. പ്രത്യേകിച്ച് ബാലവേല, ലൈംഗിക പീഡനം, മനുഷ്യകടത്ത് തുടങ്ങിയവ. ഞങ്ങൾ തദ്ദേശസമൂഹങ്ങൾ, ബന്ധപ്പെട്ട സംഘങ്ങൾ, സർക്കാർ വിനോദസഞ്ചാര വ്യവസായം, മറ്റ് അനുബന്ധ മേഖലകൾ എന്നിവരുമായി യോജിച്ചു പ്രവർത്തിച്ച് കുട്ടികളുടെ ചൂഷണം ചെയ്യുക എന്നതിനു മേലാകാതിരിക്കട്ടെ വിനോദസഞ്ചാരത്തിന്റെ ആധാരം എന്നുറപ്പു വരുത്താൻ മാർഗ്ഗങ്ങൾ തേടുന്നു.

## ഇക്പാറ്റ് ഇന്റർനാഷണൽ ECPAT International

കുട്ടികളുടെ വാണിജ്യലൈംഗിക ചൂഷണം പൂർണ്ണമായും ഒഴിവാക്കാൻ പ്രവർത്തിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും കൂട്ടായ്മയാണ് ECPAT (End Child Prostitution, Child Pornography and Trafficking of Children for Sexual Purpose). ലോകത്ത് എവിടെയും ഉള്ള കുട്ടികൾ എല്ലാത്തരം വാണിജ്യ ലൈംഗിക ചൂഷണങ്ങളിൽ നിന്നും, മുക്തരായി തങ്ങളുടെ മൗലികമായ അവകാശങ്ങൾ അനുഭവിക്കട്ടെ എന്നുറപ്പു വരുത്താനായി ECPAT ലോകസമൂഹത്തെ പ്രോത്സാഹിപ്പിക്കുന്നു.

Equations

ഇക്വേഷൻസ് (ഇക്വിറ്റബിൾ ടൂറിസം ഓപ്ഷൻസ്)
415, 2 - സി ക്രോസ്, 4th മെയിൻ, OMBR ലേ ഔട്ട്
ബാനസ് വാഡി, ബാംഗ്ലൂർ - 560043
ഇന്ത്യ
ഫോൺ : +91 80 25457607/25457659
ഫാക്സ് : + 91 80 25457665
e-mail : info@equitabletourism.org
www.equitabletourism.org

ecpat

ഇക്പാറ്റ് ഇന്റർനാഷണൽ
328/1 ഫായ തായ് റോഡ്,
ബാങ്കോക്ക്, 10400,
തായ്‌ലാന്റ്
ഫോൺ : +66 (0) 2 215 3388
ഫാക്സ് : +66 (0) 2 215 8272
e-mail : info@ecpat.net
www.ecpat.net